# സാഫല്യം _ഡയറ്റ് വയനാട്

B

## പത്താംതരം തുല്യതാ മാതൃകാ പരീക്ഷ

## മലയാളം

ആകെ സ്കോർ 60
സമയം 2½ മണിക്കൂർ

പൊതു നിർദ്ദേശങ്ങൾ

ആദ്യത്തെ 15 മിനിട്ട് സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം
ഓരോചോദ്യവുമായിബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക
ഓരോ ചോദ്യത്തിന്റെയും സ്കോർ അതതുചോദ്യത്തിന്റെ നേരേനൽകിയിട്ടുണ്ട് .

---

1. പൂരിപ്പിക്കുക
ആനന്ദാംബുധി - ആഹ്ലാദമാകുന്ന കടൽ
അർണോജനേത്രൻ- ........................ 2

2. എന്നാലും എന്റെമ്മൂന് ഇങ്ങനെയൊരു യോഗം വന്നല്ലോ? പല പ്രധാന തീരുമാനങ്ങളും എടുത്തിട്ടാണ് ആ യോഗം പിരിഞ്ഞത് .
അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക 2

3. സമാനവരികൾ കണ്ടെത്തുക 2

വാരുറ്റ കാന്തി കലർന്നുള്ള വാരിജ-
മോരോന്നേ മങ്ങിമയങ്ങിതപ്പോൾ

ഇടിവെട്ടീടും വണ്ണം പിൻമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ

ഞാറുനടുന്ന നിരക്ഷരപ്പെണ്ണുങ്ങൾ
കുറോടിപ്പാട്ടുകൾ നീട്ടിപ്പാടി

4. "പേടിച്ചരണ്ട നിൻ കണ്ണുകൾ രാപ്പകൽ
തേടുന്നതാരെയെന്നറിവൂ ഞാൻ
മാരനെയല്ല മണാളനെയല്ല ,നിൻ
മാനം കാക്കുമൊരാങ്ങളയെ"

[ ഒ.എൻ.വി. കുറുപ്പ് ]

നെല്ലുകുത്തുക്കാരി പാറുവിന്റെ ജീവിതവുമായി ഈ വരികൾക്ക് ബന്ധമുണ്ടോ? പരിശോധിക്കുക 4

5. "പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം "

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന്നു പെറ്റമ്മ തൻ ഭാഷതാൻ"

രണ്ടു കാവ്യഭാഗങ്ങളിലെയും ഭാഷാസങ്കൽപ്പം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

6 ”പറന്നെത്തിയ ഒരു തീപ്പൊരി ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായിരുന്നു അത്”-

സന്ദർഭം വിശദമാക്കുക 4

7. വീണപൂവിൽ തെളിയുന്ന മനുഷ്യാവസ്ഥകളുടെ ഔചിത്യം പരിശോധിക്കുക 4

8 "വൃത്തവ്യവസ്ഥയില്ല ക്ഷരവ്യക്തിയി-
ല്ലർഥോപപത്തിയില്ലെന്നാകിലും
ആരാരെക്കോൾമയിർക്കൊള്ളിക്കില്ലീഗീത-
മാരോമൽ പൈങ്കിളിക്കൊഞ്ചൽപോലെ"

നാടൻപാട്ടുകളുടെ എന്തൊക്കെ സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത് 4

9 തൊഴിൽമേഖലയിലെ വ്യത്യസ്തതയാണോ 'കുട നന്നാക്കാനുണ്ടോ ', 'നെല്ലുകുത്തുകാരിപാറുവിന്റെ കഥ ' എന്നീ കൃതികൾ മുന്നോട്ടുവെക്കുന്നത് . താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

**10 മുതൽ 15 വരെ ഏതെങ്കിലും അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതുക**

10 അഹങ്കാരിയായ ഒരു വ്യക്തിയുടെ പ്രതിരൂപമായി ഭീമനെ അവതരിപ്പിക്കുന്നതിൽ കുഞ്ചൻനമ്പ്യാർ വിജയിച്ചിട്ടുണ്ടോ' - ധിക്കാരസാഹസത്തെ മുൻനിർത്തി ലഘുഉപന്യാസം തയ്യാറാക്കുക 6

11 സ്വദേശാഭിമാനി മാധ്യമരംഗത്തിന് നൽകിയ സംഭാവനകൾ നാം കണ്ടല്ലോ. സമകാലിക മാധ്യമരംഗത്തെ പ്രവണതകൾ രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനവുമായി താരതമ്യം ചെയ്ത് സ്വന്തം നിരീക്ഷണം അവതരിപ്പിക്കുക 6

12 സ്നേഹബന്ധങ്ങളുടെ ഊഷ്മളതയാണ് 'കടൽതീരത്ത്'' - ഈ അഭിപ്രായം എത്രമാത്രം ശരിയാണെന്ന് വിലയിരുത്തുക. 6

13 അന്ധവിശ്വാസങ്ങൾ നമ്മെ വഴിതെറ്റിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ രുദ്രാക്ഷമാഹാത്മ്യം, കുടനന്നാക്കാനുണ്ടോ, എന്നീ കൃതികളെ അടിസ്ഥാനമാക്കി ഉപന്യസിക്കുക 6

14 ഇന്നത്തെക്കാലത്ത് ബഷീറിന്റെ പ്രപഞ്ചവീക്ഷണത്തിന്റെ യുക്തി പരിശോധിക്കുക 6

15 വാർത്തകൾ യാഥാർത്ഥ്യങ്ങൾക്ക് പ്രാധാന്യം നൽകാതെ വെറും 'സെൻഷേണൽ' മാത്രമായി തീരുന്നതിനെതിരെ പത്രാധിപർക്ക് ഒരു കത്തെഴുതുക 6